പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4780 | 27.06.2014 ലെ മറുപടിയ്ക്ക്

**ഫാം അഡ്വൈസറി മെസേജിംഗ്**

ചോദ്യം

ശ്രീ.തോമസ് ചാണ്ടി

2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫാം അഡ്വൈസറി മെസേജിംഗ്, കൃഷിഭവനും ഭൂവുടമയും ചേർന്നുള്ള കരാർ കൃഷി, ചെറുകിട കർഷകർക്ക് പെൻഷൻ, കായൽ കർഷകർക്ക് പമ്പിംഗ് സബ്സിഡി, കാർഷിക ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

ഫാം അഡ്വൈസറി മെസേജിംഗ്, മന്ത്‌ലി ടെക്നോളജി അഡ്വൈസറീസ് എന്ന പദ്ധതിയിൽ വിജയകരമായി നടന്നുവരുന്നു. ഫീൽഡ് അസിസ്റ്റന്റുമാരും കൃഷി ഉദ്യോഗസ്ഥരും കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുകയും അപ്പോൾ തന്നെ പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു. അതിനു സാധിക്കാത്ത പക്ഷം ജില്ലകളിലെ മുതിർന്ന ഉദ്യോഗസ്ഥരുടെയും കാർഷിക സർവ്വകലാശാല വിദഗ്ധരുടേയും സമക്ഷം പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കുകയും അവ പ്രാവർത്തികമാക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ഓരോ മാസവും അടുത്ത മാസം ഓരോ വിളയിലും ഓരോ പ്രദേശത്തും സ്വീകരിക്കേണ്ട കാർഷിക പ്രവൃത്തികൾ, വിള പരിപാലനം, രോഗകീട പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ തയ്യാറാക്കി കർഷകർക്ക് വിതരണം ചെയ്യുന്നു. ഈ പദ്ധതിയുടെ കീഴിൽ കൊല്ലം, കണ്ണൂർ, പാലക്കാട്, വയനാട് ജില്ലകളിൽ 4 ലക്ഷം രൂപ വീതവും മറ്റു ജില്ലകളിൽ 3 ലക്ഷം രൂപ വീതവും 2013-14 ൽ നൽകിയിട്ടുണ്ട്.

തരിശായി കിടക്കുന്ന കൃഷിഭൂമി കണ്ടെത്തി കൃഷിഭവന്റെ സഹായത്തോടെ കർഷകരോ കർഷക കൂട്ടായ്മയോ കൃഷി ചെയ്യുന്ന പ്രസ്തുത പദ്ധതി 2011-12 മുതൽ നടപ്പിലാക്കിവരുന്നു. വാഴ, പച്ചക്കറി, നെല്ല്, കിഴങ്ങ് വർഗ്ഗ വിളകൾ എന്നിവ ഇപ്രകാരം കൃഷി ചെയ്യാവുന്നതാണ്. കൃഷിഭൂമി വിട്ടുനൽകുന്ന ഭൂവുടമയ്ക്ക് ഹെക്ടറിന് 5000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. കൂടാതെ കരാർ വ്യവസ്ഥയനുസരിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് / കർഷക കൂട്ടായ്മയ്ക്ക് ധനസഹായവും നൽകിവരുന്നു.

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷകക്ഷേമവും ഉറപ്പാക്കുക എന്ന നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഒരു ഹെക്ടറോ അതിൽ താഴെയോ കൃഷിഭൂമിയുള്ള 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്രകർഷകർക്ക്

നൽകി വന്നിരുന്ന പെൻഷൻ 2013 ഏപ്രിൽ മാസം മുതൽ 500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം പദ്ധതിക്ക് ലഭിച്ച 10,310.55 ലക്ഷം രൂപ 2014 ജനുവരി മാസം വരെ നിലവിലുള്ള 209571 അംഗങ്ങൾക്ക് നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

ലേലത്തിൽ കോൺട്രാക്ട് എടുക്കുന്ന വ്യക്തിക്ക് വില്ലേജ് ഓഫീസറും, കൃഷി ഓഫീസറും നൽകുന്ന ഏരിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഏക്കറിന് 200/- രൂപ മുതൽ 500/- രൂപ വരെ പമ്പിംഗ് സബ്സിഡി അനുവദിച്ചു വരുന്നു.

കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയെ സമന്വയിപ്പിച്ചു കൊണ്ട് കേരളത്തിലെ എല്ലാ വിളകൾക്കുമായി ഒരു സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ